## പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വൈൽഡ്‌ലൈഫ്) & ചീഫ് വൈൽഡ്‌ലൈഫ് വാർഡന്റെ നടപടി ഉത്തരവ്

**പുറപ്പെടുവിക്കുന്നത് ജി.ഹരികുമാർ**

വിഷയം : കാട്ടുതീ പ്രതിരോധം - വയനാട് വന്യജീവി സങ്കേതം അടച്ചിടുന്നത് - സംബന്ധിച്ച്.

സൂചന : ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വൈൽഡ്‌ലൈഫ്), പാലക്കാട്-ന്റെ 18.02.2017-ലെ ഡബ്ളിയു.8-1890/16 നമ്പർ കത്ത്.

**ഉത്തരവ് നമ്പർ ഡബ്ല്യു.എൽ.4-11201/2016 തീയതി. 20.02.2017**

വയനാട് ജില്ലയിൽ ഈ വർഷം മഴയുടെ ലഭ്യത വളരെ കുറഞ്ഞതിനാലും കടുത്ത വരൾച്ചയും ജലദൗർലഭ്യവും രൂക്ഷമായിരിക്കുകയാണെന്നും വന്യജീവി സങ്കേതത്തിന്റെ അതിർത്തി പ്രദേശമായ ബന്ദിപ്പൂർ കടുവാസങ്കേതത്തിന്റെ വനഭാഗങ്ങളിൽ കാട്ടുതീ നിയന്ത്രണാതീതമായി പടർന്നുകൊണ്ടിരിക്കുകയാണെന്നും വയനാട് വന്യജീവി സങ്കേതത്തിന്റെ വിവിധ ഭാഗങ്ങളിൽ ഏതു നിമിഷവും കാട്ടു തീ പടരാനുള്ള സാധ്യതയുണ്ടെന്നും സൂചനപ്രകാരം ചീഫ് വൈൽഡ്‌ലൈഫ് (പാലക്കാട്) റിപ്പോർട്ട് ചെയ്തിട്ടുണ്ട്. വേനൽ കനത്തതോടെ വനാന്തർ ഭാഗത്ത് വന്യജീവികൾക്ക് തീറ്റയും വെള്ളവും കുറയുന്ന സാഹചര്യത്തിൽ വന്യമൃഗങ്ങൾ മനുഷ്യവാസമുള്ള പ്രദേശങ്ങളിലേക്ക് വെള്ളത്തിനും ഭക്ഷണത്തിനുമായി കടന്നു വരാൻ ആരംഭിച്ചിട്ടുള്ളതിനാൽ സന്ദർശകരുടെ സാന്നിധ്യം വന്യജീവികളുടെ സ്വൈര വിഹാരത്തിന് വിഘാതമാകാമെന്നും ഇതുമൂലം സന്ദർശകർക്ക് അപകട സാധ്യത ഉണ്ടാകാമെന്നും സൂചന കത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. വയനാട് വന്യജീവി സങ്കേതത്തിന്റെ അംഗീകൃത മാനേജ്മെന്റ് പ്ലാനിൽ ഖണ്ഡിക 6.4.2.5 പ്രകാരം വന്യജീവി സങ്കേതം കടുത്ത വേനൽ ഭീഷണിയിൽ അടച്ചിടുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ കാട്ടു തീ സാധ്യത വന്യജീവികളുടെ സൈര വിഹാരം, സന്ദർശകരുടെ സുരക്ഷിതത്വം എന്നിവ പരിഗണിച്ച് 2017 ഫെബ്രുവരി 21 മുതൽ മാർച്ച് 31 വരെയുള്ള കാലയളവിൽ സങ്കേതം അടച്ചിടുന്നതിനുള്ള ഉത്തരവ് പുറപ്പെടുവിക്കുന്നു.

21/2/17
ACF(FMIS)

**പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വന്യജീവി വിഭാഗം) &**
**ചീഫ് വൈൽഡ്‌ലൈഫ് വാർഡൻ**

പകർപ്പ്:
1. ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വന്യജീവി വിഭാഗം) പാലക്കാട്
2. വൈൽഡ്‌ലൈഫ് വാർഡൻ വയനാട്.
3. ഡയറക്ടർ, ഫോറസ്റ്റ് ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം
4. അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ (എഫ്.എം.ഐ.എസ്)

D:\Pinku\Proceedings\WL.4-11201.16.M.doc